"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ്: ആറന്മുള ഉത്രട്ടാതി ജലോത്സവം 2025- ധനസഹായം -അനുവദിച്ച് ഉത്തരവാകുന്നു.

---

## വിനോദസഞ്ചാര(ബി) വകുപ്പ്

സ.ഉ.(സാധാ) നം.55/2026/TSM തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:- 1. ആറന്മുള പള്ളിയോടസേവാസംഘം പ്രസിഡന്റ് സമർപ്പിച്ച 25.08.2025 തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 13.11.2025 തീയതിയിലെ DOT/2973/2025-M1 നം കത്ത്.

### ഉത്തരവ്

2025 സെപ്റ്റംബർ 9 ന് പത്തനംതിട്ട ജില്ലയിലെ ആറന്മുള പമ്പാ നദിയിൽ സംഘടിപ്പിച്ച ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ആറന്മുള പള്ളിയോട സേവാ സംഘം പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 സെപ്റ്റംബർ 9 ന് സംഘടിപ്പിച്ച ആറന്മുള ഉത്രട്ടാതി വള്ളംകളിക്ക് 3452-80-104-99-00-00-01-പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം ) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം, ആറന്മുളപള്ളിയോട സേവാസംഘത്തിന്റെ പ്രസിഡന്റ് /സെക്രട്ടറി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത , വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം-695033

പ്രസിഡന്റ് /സെക്രട്ടറി,ആറന്മുള പള്ളിയോട സേവാസംഘം (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന.)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I &II), കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 24-01-2026 15:15:18

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ്ക്ക്